# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram

തീയതി: 17.08.2022

നമ്പർ. C4/3672/21/GECSKP

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം- 2021-22 -ഫീസ് ബാധ്യതകൾ കാണിക്കുന്നതിനാൽ കെ.ടി.യു പോർട്ടൽ വഴി വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്തതിനെ സംബന്ധിച്ച്

സൂചന :- 1. കെ.ടി.യു പോർട്ടലിലെ ഇത് സംബന്ധിച്ച വിവരങ്ങൾ
2. ഇ-ഗ്രാൻറ് പോർട്ടലിലെ ഫീസ് ക്ലെയിം/ലഭ്യത സംബന്ധിച്ച വിവരങ്ങൾ
3. ഡിജി പേ പോർട്ടൽ, സി എഫ് ആർ എന്നിവയിലെ ഫീസ് ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ
4. ഈ ഓഫീസിലെ 12.08.2022 തിയ്യതിയിലെ C2/6528/22GECSKP നമ്പർ മെമ്മോറാണ്ടം

കെ.ടി.യു പോർട്ടൽ വഴി വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ശ്രമിക്കുമ്പോൾ ഫീസ് ഡ്യൂ ഉണ്ടെന്ന കാരണത്താൽ അതിനു സാധിക്കാത്തതായി വിദ്യാർഥികൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സൂചന (1), (2), (3), (4) എന്നിവ പരിശോധിച്ചതിൽ നിന്നും ഈ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. ഇ-ഗ്രാൻറ് ആനുകൂല്യം ലഭിയ്ക്കാത്ത വിദ്യാർഥികൾ കെ.ടി.യു പോർട്ടലിൽ കാണിക്കുന്ന ഡ്യൂകൾ എല്ലാം തന്നെ നേരിട്ട് പോർട്ടലിൽ ഒടുക്കേണ്ടതാണ്. നേരത്തെ ഈ ഫീസ് അടച്ചിട്ടുള്ളതാണെങ്കിൽ രസീതിയുടെ കോപ്പി സഹിതം ക്ലാസ് ട്യൂട്ടർ/വകുപ്പ് മേധാവി മുഖാന്തിരം അക്കൌണ്ട് സെക്ഷനിലേക്ക് ഇ-മെയിൽ ചെയ്താൽ ബന്ധപ്പെട്ട ഡ്യൂകൾ കോളേജിൽ നിന്നും ഒടുക്കുന്നതാണ്.
2. ഇ-ഗ്രാൻറ് ആനുകൂല്യം ഉള്ള വിദ്യാർഥികൾ കോളേജ് റെഗുലർ ഫീസുകൾ ഒഴികെയുള്ള ഫീസുകൾ - സപ്ലിമെൻററി പരീക്ഷാ ഫീസ്, മൈനർ, ഹോണേഴ്സ് പരീക്ഷാ ഫീസുകൾ, പുനർ-മൂല്യനിർണയ ഫീസ് തുടങ്ങിയവ- കെ.ടി.യു പോർട്ടൽ വഴി അടച്ച് രസീതി അപേക്ഷ സഹിതം ഡിപ്പാർട്ട്മെൻറ് മുഖാന്തിരം സ്കോളർഷിപ്പ് സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ആയത് ഇ-ഗ്രാൻറ് വഴി ക്ലെയിം ചെയ്ത് പാസ്സ് ആയി വരുന്ന പക്ഷം വിദ്യാർഥികൾക്ക് തിരിച്ച് നൽകുന്നതാണ്.
3. ഇ-ഗ്രാൻറ് ആനുകൂല്യം ഉള്ള വിദ്യാർഥികളുടെ റെഗുലർ കോളേജ് ഫീസുകളായ ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷൽ ഫീസ്, അഡ്മിഷൻ ഫീസ്, അഡ്മിനിസ്ട്രേഷൻ ഫീസ്, അഫീലിയേഷൻ ഫീസ്, സെമസ്റ്റർ രെജിസ്ട്രേഷൻ ഫീസ്, ആർട്സ്&സ്പോർട്സ് ഫീസ് എന്നിവ കെടിയു പോർട്ടൽ പരിശോധിച്ച് ഡ്യൂ ഒടുക്കാനുള്ള നടപടിക്രമങ്ങൾ കോളേജിൽ നിന്നും കൈക്കൊള്ളുന്നതാണ്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

കെടിയു പോർട്ടലുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ എല്ലാ വിദ്യാർഥികളും നിർദേശങ്ങൾ കൃത്യമായി പാലിച്ച് ഓഫീസ് നടപടികളുമായി സഹകരിക്കേണ്ടതാണ്.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. എല്ലാ വിഭാഗം വകുപ്പ് മേധാവികൾക്കും ക്ലാസ് ട്യൂട്ടർമാർക്കും.
2. ഹെഡ് അക്കൗണ്ടൻറ്
3. സി 2 സെക്ഷൻ
4. വെബ് അഡ്മിൻ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C4/3672/21/GECSKP Approved by Principal on 17-Aug-2022 03:07 PM - Page 1